# ആമുഖം

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൻറെ **2026-27** സാമ്പത്തിക വർഷത്തെയും, ഈ ഭരണസമിതിയുടെ ആദ്യത്തേതുമായ ബജറ്റ് അവതരണ യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം. ബജറ്റ് എന്നത് നിശ്ചിതമായ ലക്ഷ്യങ്ങൾ നിറവേറ്റുവാനുള്ള വിഭവങ്ങളുടെ കാര്യ ക്ഷമമായ സമാഹരണവും വിനിയോഗവും ഉറപ്പാക്കുന്ന സാമ്പത്തികാസൂത്രണമാണ്. ഭൂരിഭാഗവും കൃഷിയും അനുബന്ധ തൊഴിലുകളും ചെയ്ത് ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങളാണ് വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ അധിവസിക്കുന്നത്. പുതിയ തലമുറയുടേയും അടിസ്ഥാന ജനവിഭാഗങ്ങളുടേയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സമസ്ത മേഖലയിലും വികസനം എത്തിക്കുക എന്ന കാഴ്ചപ്പാടിന് അനുസൃതമായ പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാർ എന്ന നിലയിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ടുവയ്ക്കുന്ന വികസന സങ്കൽപ്പത്തിന് സമൂഹത്തിന്റെ നാനാതുറയിലുള്ള ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിലും സാമൂഹ്യ വ്യവസ്ഥിതിയിലും ഗുണപരമായ മാറ്റങ്ങൾ ഉളവാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ഉൽപ്പാദന മേഖലയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം മുതലായവക്കും, കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര കുടിവെള്ള പദ്ധതികൾക്കും, പാർപ്പിടം, ശുചിത്വം മാലിന്യസംസ്കരണം എന്നിവക്കും ബ്ലോക്ക് പഞ്ചായത്ത് പ്രഥമപരിഗണന നൽകുന്നു. ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയിൽ നിലവിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർ, വൃദ്ധർ, നിരാലംബരായ രോഗികൾ, അഗതികൾ, കുട്ടികൾ, സ്ത്രീകള് എന്നിവരുടെ സംരക്ഷണത്തിനും വികസനത്തിനും സർക്കാർ നിർദ്ദേശമനുസരിച്ച് കൂടുതൽ തുക മാറ്റിവച്ച് ആ വിഭാഗത്തിൻറെ കരുതൽ ബ്ലോക്ക് പഞ്ചായത്ത് ഉറപ്പാക്കുന്നു.

കൂടാതെ റോഡുകൾ, ആരോഗ്യം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം തുടങ്ങിയ മേഖലയ്ക്കെല്ലാം ധനപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി തുക വകയിരുത്തിയിട്ടുണ്ട്.

**2026** ലെ ആസന്നമായ കേരള നിയമസഭ തെരെഞ്ഞെടുപ്പ് മുൻനിർത്തി, പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുന്നോടിയായി ഇപ്രകാരം ജനപ്രിയമായ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹകരിച്ച ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും എൻറെ നന്ദി അറിയിക്കുന്നതോടൊപ്പം ബഡ്ജറ്റ് അനുബന്ധ പ്രവർത്തന ങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും ബ്ലോക്ക് പഞ്ചായത്തിൻറെ തുടർപ്രവർത്തനങ്ങളുടെ സുഖകരമായ നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. ബഡ്ജറ്റ് അവതരണത്തിനായി ബഹു.വൈസ് പ്രസിഡൻറ് ശ്രീ. മുഹമ്മദാലി പന്തലിങ്ങൽ എന്നവരെ ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

അമൃത കെ.

പ്രസിഡൻറ്

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്

# <u>2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്</u>

**2026** ലെ ആസന്നമായ കേരള നിയമസഭ തെരെഞ്ഞെടുപ്പ് കാരണം നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് വളരെ വേഗത്തിൽ തയ്യാറാക്കേണ്ടതായി വന്നു. ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റ് അവതരിപ്പിക്കാൻ എനിക്ക് സാധിച്ചതിൽ ഞാൻ സർവ്വേശ്വരനോട് നന്ദി പറയുന്നു. എല്ലാവരുടേയും സമ്മതത്തോടെ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2026-27** വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കുകയാണ്.....

ഉൽപാദന സേവന പശ്ചാത്തല മേഖലകൾ ഉൾപ്പെടെ എല്ലാ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഈ ബജറ്റിൽ ഉൽപ്പാദനം, ആരോഗ്യം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം, മാലിന്യം, പൊതുമരാമത്ത് എന്നീ മേഖലകളെ പ്രത്യേകമായി പരിഗണിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ, ഏജൻസികൾ, വകുപ്പുകൾ എന്നിവയിൽനിന്ന് ലഭിക്കുന്ന ഫണ്ടുകളും തനത് വരുമാനവും കൂട്ടിച്ചേർത്ത് തയ്യാറാക്കിയ **2026-27** സാമ്പത്തിക വർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

## <u>ഓരോ ഇനത്തിലുമുള്ള പ്രതീക്ഷിത വരുമാനം</u>

| | |
|---|---|
| ആകെ നികുതിയേതര വരവ് | - **2555000/-** രൂപ |
| ജനറൽ പർപ്പസ് ഫണ്ട് | - **10371000/-** രൂപ |
| വികസന ഫണ്ട്-ജനറൽ | - **59984000/-** രൂപ |
| വികസന ഫണ്ട്- എസ്.സി.പി. | - **33890000/-** രൂപ |
| വികസന ഫണ്ട്-ടി.എസ്.പി. | - **1745000/-** രൂപ |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് **(Basic Grant)** | - **8520353/-** രൂപ |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് **(Tied Grant)** | - **21286023/-** രൂപ |
| മെയിൻറനൻസ് ഗ്രാൻറ്- നോണ് റോഡ് | - **20790000/-** രൂപ |
| **PMAY** – ജനറൽ (കേന്ദ്ര വിഹിതം) | - **17280000/-** രൂപ |
| **PMAY** – എസ്.സി.പി. (കേന്ദ്ര വിഹിതം) | - **3000000/-** രൂപ |
| **PMAY** – ടി.എസ്.പി. (കേന്ദ്ര വിഹിതം) | - **200000/-** രൂപ |
| **MGNREGS** – കേന്ദ്ര വിഹിതം | -**200000000/-** രൂപ |

| | | |
|---|---|---|
| മറ്റ് വരവുകൾ (ഗു.വി,ജി.പ., ഗ്രാ.പ. മുതലായവ) | - | 36762000/- രൂപ |
| എം.എൽ.എ. ഫണ്ട് | - | 50000000/- രൂപ |
| എം.പി. ഫണ്ട് | - | 20000000/- രൂപ |
| **ആകെ വരവ്** | - | **486383376/- രൂപ** |

## വിവിധ മേഖലയിലേക്കുള്ള വകയിരുത്തലുകൾ

| | | |
|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | - | 4445000/- രൂപ |
| ഭരണ ചെലവുകൾ | - | 830000/- രൂപ |
| സംരക്ഷണവും, നടത്തിപ്പും | - | 1500000/- രൂപ |
| MGNREGS – പ്രവൃത്തി ചെലവുകൾ | - | 200000000/- രൂപ |
| എം.എൽ.എ. ഫണ്ട് | - | 50000000/- രൂപ |
| എം.പി. ഫണ്ട് | - | 20000000/- രൂപ |
| മറ്റ് ചെലവുകൾ | - | 4112500/- രൂപ |
| **ആകെ ചെലവ്** | - | **280887500/- രൂപ** |

## സംഗ്രഹം

| | | |
|---|---|---|
| **മുൻബാക്കി** | : | **37539361/- രൂപ** |
| **ആകെ വരവ്** | : | **486383376/- രൂപ** |
| **ഒട്ടാകെ വരവ്** | : | **523922737/- രൂപ** |
| **ആകെ ചെലവ്** | : | **280887500/- രൂപ** |
| **നീക്കിബാക്കി** | : | **243035237/- രൂപ** |

പദ്ധതി ചെലവ് ഉൾപ്പെടാതെയുള്ള കണക്കാണ് നിക്കിബാക്കി തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ചുള്ള പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം ലഭ്യമാകുന്ന മുറക്കും, പദ്ധതി ഡി.പി.സി. അംഗീകാരം ലഭ്യമായി വെറ്റിംഗ് പൂർത്തിയാകുന്ന മുറക്കും പദ്ധതി ചെലവിൽ, പദ്ധതി വരവിന് ആനുപാതികമായി വ്യത്യാസം വരുന്നതാണ്.

ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കും ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)

ചെയർപേഴ്സൺ

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി

വണ്ടൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്